**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5301** **21-07-2022 - ൽ മറുപടിയ്ക്ക്**

**സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ഫീസ് തിരികെ ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ൽ കീം എൻട്രൻസ് പരീക്ഷ മുഖേന സ്വാശ്രയ എൻജിനീയറിംഗ് കോഴ്സിൽ പ്രവേശനം നേടിയതിന് ശേഷം നഴ്സിംഗ് അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് പ്രസ്തുത കോളേജിൽ അടച്ച ഫീസ് തിരികെ നൽകേണ്ടതില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകാമോ; | (എ) | സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എൻജിനീയറിങ്ങ് കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ തലത്തിലുള്ള കരാറിലേയും AICTE അപ്രൂവൽ ഹാന്റ് ബുക്ക് 2021-22 - ലേയും ഫീസ് റീഫണ്ട് വ്യവസ്ഥകൾ അനുസരിച്ചാണ് സ്വകാര്യ സ്വാശ്രയ എൻജിനീയറിങ്ങ് കോളേജുകളിൽ പ്രവേശനം ലഭിച്ച ശേഷം വിടുതൽ വാങ്ങിയ വിദ്യാർത്ഥികൾക്ക് ഫീസ് റീഫണ്ടിനുള്ള അർഹത നിശ്ചയിക്കുന്നത്. AICTE-യുടെ 2021-22 അക്കാദമിക്ക് കലണ്ടർ അനുസരിച്ച് 2021 നവംബർ 25 വരെ ഫുൾ ഫീസ് റീഫണ്ടോടു കൂടി വിദ്യാർത്ഥികൾക്ക് വിടുതൽ വാങ്ങാൻ അവസരം ഉണ്ടായിരുന്നു. നവംബർ 25-നു ശേഷം അഡ്മിഷന്റെ അവസാന ദിനമായ 2021 നവംബർ 30-നുള്ളിൽ വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് ഒഴിവു വന്ന സീറ്റുകളിലേക്ക് പകരം പ്രവേശനം നടക്കുകയാണെങ്കിൽ വിടുതൽ വാങ്ങിയ വിദ്യാർത്ഥിക്ക് ഫുൾ ഫീ റീഫണ്ടിന് അർഹതയുണ്ട്. |
| (ബി) | കീം പ്രവേശന നടപടികൾ അവസാനിച്ച 2021 നവംബർ 30 ന് ശേഷമാണ് എൽ.ബി.എസ്. വഴിയുള്ള നഴ്സിംഗ് അലോട്ട്മെന്റ് പ്രക്രിയ നടന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഴ്സിംഗ് അലോട്ട്മെന്റ് 26.11.2021 മുതൽ 06.04.2022 വരെയാണ് നടന്നത്. |
| (സി) | നഴ്സിംഗ് അലോട്ട്മെന്റ് നടപടികൾ വൈകിയത് കാരണം പ്രസ്തുത കോളേജിൽ പ്രവേശനം നേടിയതിന് ശേഷം വിടുതൽ നേടുന്നതിന് വിദ്യാർത്ഥികൾക്ക് കാലതാമസ്സം നേരിട്ടു എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | നഴ്സിംഗ് പ്രവേശനം ലഭിച്ചതിന് ശേഷം സ്വാശ്രയ എൻജിനീയറിംഗ് കോളേജിൽ നിന്നും വിടുതൽ | (ഡി) | കീം ന്റെ ഭാഗമായുള്ള എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് |

| | | | |
|---|---|---|---|
| | ചെയ്ത വിദ്യാർത്ഥികൾക്ക് അവർ അടച്ച ഫീസ് തിരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ? | | പ്രോസ്പെക്ടസ് വ്യവസ്ഥകളും, പ്രവേശനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലെ വ്യവസ്ഥകളുമാണ് ബാധകമായിട്ടുള്ളത്. നിശ്ചിത തീയതിയ്ക്കകം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികൾക്ക് അതിൻ പ്രകാരം അടച്ച ഫീസ് മടക്കി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ